**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3282** **08-10-2025 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിലെ അപാകതകൾ റോഡപകടങ്ങൾക്ക് പ്രധാന കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുന്ന തരത്തിൽ ശാസ്ത്രീയ നിർമ്മാണപ്രവർത്തനങ്ങളാണ് റോഡ് നിർമ്മാണങ്ങളിൽ സാധാരണയായി അവലംബിക്കാറുള്ളത്. |
| (ബി) | സ്ഥിരമായി അപകടം ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പുകൾ നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | സ്ഥിരമായി അപകടം ഉണ്ടാകുന്ന സ്ഥലങ്ങൾ നാറ്റ്പാക് മുഖാന്തിരം ശാസ്ത്രീയമായി കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ (ബ്ലാക്ക് സ്പോട്ടുകളിൽ) പോലീസിന്റെയും, മോട്ടോർ വാഹന വകുപ്പിന്റെയും ,റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണത്തോടു കൂടി സംയുക്ത സ്ഥല പരിശോധന നടത്തി, സ്ഥലപരിശോധനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. നാറ്റ് പാകിന്റെ പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ള അപകട മേഖല (ബ്ലാക്ക് സ്പോട്ട്) , സ്കൂൾ സോൺ ഉൾപ്പെടെ അപകട വിമുക്തമാക്കുന്നതിലേയ്ക്കായി 'അപകട സാധ്യത മേഖല' അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു.<br><br>നാറ്റ് പാകിന്റെ പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ള അപകട മേഖല (ബ്ലാക്ക് സ്പോട്ട്) , സ്കൂൾ സോൺ ഉൾപ്പെടെ അപകട വിമുക്തമാക്കുന്നതിലേയ്ക്കായി 'അപകട സാധ്യത മേഖല' സൈൻ ബോർഡുകൾ,വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ , വേഗത പരിധി, " No Overtaking"ഷെവറോൺ എന്നീ സൈൻ ബോർഡുകൾ സ്ഥാപിച്ചു വരുന്നു. ആവശ്യമെങ്കിൽ അമിത വേഗത |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിനായി പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിംങ്ങുകളും, സ്റ്റഡുകളും, ബ്ലിങ്കർ ലൈറ്റുകളും , റംബിൾ സ്ട്രിപ്പുകൾ എന്നീ സുരക്ഷ ക്രമീകരണങ്ങൾ കെ ആർ എസ് എ, പ്ലാൻ,നോൺപ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് റോഡ് സുരക്ഷ പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. പൊതുമരാമത്തു വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ MoRTH ൽ നിന്നും identify ചെയ്തു നൽകുന്നുണ്ട് .ഈ സ്ഥലങ്ങളിൽ അപകടത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും അവ ദൂരീകരിക്കുന്നതിനുള്ള പ്രവർത്തികൾ നടപ്പിലാക്കി അപകടാവസ്ഥ പരിഹരിക്കുകയും ചെയ്തു വരുന്നുണ്ട്. . |
| (സി) | റോഡുകളിലെ അപകടകരമായ വളവുകൾ നേരെയാക്കുന്നതിനും വീതി കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. റോഡുകളിലെ വളവുകൾ അപകടരഹിതമാക്കുന്നതിനായി പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിംങ്ങുകളും സ്റ്റഡുകളും, ഓവർടേക്കിംഗ് അനുവദനീയമല്ല എന്ന മുന്നറിയിപ്പ് സൈൻ ബോർഡുകളും, ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിക്കാറുണ്ട്. കൂടാതെ അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകളും സ്ഥാപിക്കാറുണ്ട്. നിലവിലുള്ള റോഡിലെ വളവുകൾ വീതി കൂട്ടുന്ന പ്രവർത്തികൾ സ്ഥലലഭ്യതയും, ഫണ്ട് ലഭ്യതയും അനുസരിച്ച് വിവിധ പദ്ധതികളിലൂൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ DPR പ്രവർത്തികളിൽ ഉൾപ്പെടുത്തി അപകടകരമായ വളവുകൾ നിവർത്തുന്നതിനും റോഡുകളുടെ വീതി കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ